## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1758 — 03.05.2017 ൽ മറുപടിയ്ക്ക്

## സപ്ലൈകോയിലെ ക്രമക്കേടുകൾ

ചോദ്യം
ശ്രീ. പി.കെ.ബഷീർ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, സപ്ലൈകോയിൽ ക്രമക്കേടുകൾ നടത്തിയതിന്റെ പേരിൽ, ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടിക്ക് ശിപാർശ ചെയ്തിരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും (സി) യും | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നടപടിക്രമങ്ങളുടെ പകർപ്പടക്കം വിശദാംശം നൽകുമോ; | | |
| (സി) | ഈ ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്നായിരുന്നു കണ്ടെത്തിയത്; വെളിപ്പെടുത്തുമോ; | | |
| (ഡി) | സപ്ലൈകോയിൽ നിലവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് ഏത് ഏജൻസിയാണ്; പ്രസ്തുത സാധനങ്ങൾ സ്വകാര്യസ്ഥാപനങ്ങൾക്ക് മറിച്ച് നൽകി ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നല്കുമോ; | (ഡി) | 12 ഇനം സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള 25 സാധനങ്ങൾ പ്രതിമാസ ഇ-ടെൻഡർ മുഖേനയുള്ള കരാറുകാരിൽ നിന്നുമാണ് വാങ്ങുന്നത്. ബ്രാന്റഡ് സാധനങ്ങൾ അതുമായി ബന്ധപ്പെട്ട കമ്പനികളിൽ നിന്നുമാണ് വാങ്ങുന്നത്. സപ്ലൈകോ ശബരി തേയില ഇ-ഓക്ഷൻ മുഖേന സപ്ലൈകോ നേരിട്ടാണ് വാങ്ങുന്നത്. സപ്ലൈകോ ശബരി ബ്രാന്റിലുള്ള സബ്സിഡി നിരക്കിലുള്ള വെളിച്ചെണ്ണ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള മറ്റു സാധനങ്ങൾ കരാറിലേർപ്പെട്ടിട്ടുള്ള കമ്പനികളിൽ നിന്നുമാണ് വാങ്ങുന്നത്. ഡിപ്പോതലത്തിൽ പ്രാദേശികമായി ആവശ്യമായ സാധനങ്ങൾ ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി മുഖേന വിവിധ ഏജൻസികൾ/ സപ്ലൈയർമാരിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നു.<br><br>ഭക്ഷ്യധാന്യങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് മറിച്ചു നൽകി ഗുണ നിലവാരം കുറഞ്ഞ സാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ, ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലാ ഡിപ്പോയുടെ കീഴിലുള്ള പൈക, ഉഴവൂർ സൂപ്പർ മാർക്കറ്റുകളിൽ വിജിലൻസ് ആഫീസർ പരിശോധന നടത്തുകയും ആയതിൽ ഡിപ്പോ മാനേജരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. |
| (ഇ) | എങ്കിൽ ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ഇ) | പ്രാഥമിക റിപ്പോർട്ട് പ്രകാരം ഡിപ്പോ മാനേജരായ ശ്രീ.ജെയിംസ് മാത്യു, ശ്രീ.മാലിക് മുഹമ്മദ്, (എസ്.എ.I), ശ്രീ.കെ.കൃഷ്ണൻ നായർ(എ.എസ്.എം), ശ്രീ.കെ.എൻ.സതീഷ്,(എസ്.എ.I),<br>ശ്രീ.റ്റി.ആർ.രാജേഷ് (എ.എസ്.എം), എന്നിവരെ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു, |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പേര് തസ്തിക | ക്രമക്കേട് കണ്ടെത്തിയത് | ബാദ്ധ്യത | കുറ്റപത്രം/നടപടിക്രമം |
|---|---|---|---|---|
| 1 | അർച്ചന.എസ്, സീനിയർ ക്ളർക്ക് | ആര്യനാട് മാവേലി സ്റ്റോർ, 2013-14 ഓഡിറ്റ് | 2,15,682/- | 08.03.2017 ന് കരട് കുറ്റപത്രം സിവിൽ സപ്ലൈസ് ഡയറക്ടർക്ക് സമർപ്പിച്ചു. |
| 2 | അർച്ചന.എസ്, സീനിയർ ക്ളർക്ക് | ആര്യനാട് മാവേലി സ്റ്റോർ 2014-15 ഓഡിറ്റ് | 62,086/- | 16.12.2016 ന് കരട് കുറ്റപത്രം സിവിൽ സപ്ലൈസ് ഡയറക്ടർക്ക് സമർപ്പിച്ചു. |
| 3 | ആർ.സുരേഷ് ബാബു, എ.എസ്.എം. | കൊല്ലം കാരുത്രക്കടവ് മാവേലി സ്റ്റോർ, ജൂനിയർ മാനേജർ (എം&ഐ) യുടെ പരിശോധന | ഓഡിറ്റ് ശുപാർശ ചെയ്തിട്ടുണ്ട് . | തിരുവനന്തപുരം മേഖലാ മാനേജരുടെ 19.12.2016 ലെ റ്റി3/5620/16 നമ്പർ നടപടിക്രമ പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തു. |
| 4 | സജിനാ ബീഗം.എസ്, (എ.എസ്.എം.) | മടത്തറ മാവേലി സ്റ്റോർ, 2014-15 ഓഡിറ്റ് | 32,583/- | 09.01.2017 ലെ ഡി.26/31212/16 നമ്പർ കുറ്റപത്രം നൽകി നടപടികൾ തുടരുന്നു. |
| 5 | (1)ശ്രീമതി.ഷിബിന ബഷീർ, എ.എസ്.ഡബ്ളിയു. (2) .എസ്.ജയൻ, SA.I (3)ശ്രീമതി. സിമി.എം.എ. ASW. (4) വിനീഷ്.കെ.വി. SA.II | കോടിക്കുളം മവേലി സ്റ്റോർ, കളമശ്ശേരി സൂപ്പർ മാർക്കറ്റ് – വിജിലൻസ് ഓഫീസറുടെ മിന്നൽ പരിശോധന | - | എ.ജി.എം(പി&എ) യുടെ 11.11.2016 ലെ ഡി9/28051/16 നടപടിക്രമം പ്രകാരം സസ്പെൻറ് ചെയ്തു. 09.12.2016 ൽ കുറ്റപത്രം നൽകി, വിശദീകരണം സമർപ്പിച്ചതിനെ തുടർന്ന് 31.12.2016 ൽ സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു. അച്ചടക്ക നടപടി തുടരുന്നു. |
| 6 | ശ്രീ.എം.എൻ.സുധീർ, പാഡി മാർക്കറ്റിംഗ് ഓഫീസർ | ബഹു.ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയയും സിവിൽ സപ്ലൈസ് ഉദ്യോഗ സ്ഥരും കോട്ടയം | - | സി.എം.ഡി. യുടെ 11.01.2017 ലെ ഡി.22/1160/17 നടപടിക്രമം പ്രകാരം സസ്പെൻറ് ചെയ്തു. അച്ചടക്ക നടപടി തുടരുന്നു. |

| | | | | |
|---|---|---|---|---|
| | | ജില്ലയിലെ ആർപ്പൂക്കര JMJ Modern Rice Mill പരിശോധിച്ചത് | | |
| 7 | ശ്രീ.റ്റി.എ.അബ്ദുള്ള, JA. | ഗാന്ധിനഗർ ഹൈപ്പർ മാർക്കറ്റിൽ നിന്ന് ജീവന ക്കാർക്ക് പരിധിയിൽ കൂടു തൽ സബ്സിഡി സാധന ങ്ങൾ വിതരണം ചെയ്തു ത്. | 1,70,784/50 | എ.ജി.എം(പി&എ) യുടെ 02.03.2007 ലെ ഡി.22/1382/17 നടപടിക്രമം പ്രകാരം കുറ്റപത്രം നൽകി, അച്ചടക്ക നടപടി തുടരുന്നു. |
| 8 | 1) S.ഉദയഭാനു, അസി.മാനേജർ.<br>2) R.ബെൽരാജ്, ജൂനിയർ മാനേജർ<br>3) C.S.കൈലാ സൻ, ജൂനിയർ അസിസ്റ്റൻറ്.<br>4)ശ്രീ.ജിസ് കുമാർ, എ.എസ്.എം. | എറണാകുളം ഡിപ്പോയിൽ ശർക്കര വാങ്ങിയതിൽ ക്രമക്കേട് | 1,41,000/ | സി.എം.ഡി/ എ.ജി.എം(പി&എ) 14.03.2017 ൽ ഡി.27/3547/17 നമ്പർ കുറ്റപത്രം നൽകി, അച്ചടക്ക നടപടി തുടരുന്നു. |
| 9 | 1) ശ്രീമതി. എസ്.അർച്ചന, സീനിയർ അസി.സ്റ്റൻറ്.II<br><br>2) ശ്രീമതി.റാണി സുനിൽ, J.A.<br>3) അനിൽകുമാർ. എസ്. J.A.<br>4) പ്രമോദ് ദാസ്. കെ.എൽ. SA.I.<br>5) ശ്രീമതി.രശ്മി. എസ്.നായർ | നെടുമങ്ങാട് സൂപ്പർ മാർക്കറ്റിലെ 26.5.15 മുതൽ 08.01.2016 കാലയളവിലെ ഓഡിറ്റ്, സ്റ്റോക്കിൽ കുറവ് കണ്ടെത്തിയത് ഉൾപ്പെടെയുള്ള ക്രമക്കേടുകൾ<br><br>" "<br>" "<br>" "<br>" " | 4,98,360/63<br><br>1184/48<br><br>21,914/18<br>10,660/95<br><br>8489/27 | 27.07.2016 ന് കുറ്റപത്രം നൽകി. 14.10.2016 ന് ഹൈക്കോടതിയുടെ വിധി മാനിച്ച് കടുത്ത അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്തു, സിവിൽ സപ്ലൈസ് വകുപ്പിലേക്ക് തിരികെ അയച്ചു.<br><br>അച്ചടക്ക നടപടി തിരുവനന്തപുരം മേഖലാ മാനേജരുടെ കാര്യാലയ ത്തിൽ നടന്നുവരുന്നു. |

| | | | | |
|---|---|---|---|---|
| | 6)ശ്രീ. എൻ.പി.നോബർട്ട് | മേൽനോട്ട വീഴ്ചക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി, അച്ചടക്ക നടപടി തീർപ്പാക്കി. | | അച്ചടക്ക നടപടി തിരുവനന്തപുരം മേഖലാ മാനേജരുടെ കാര്യാലയത്തിൽ നടന്നുവരുന്നു. |
| | 7) ശ്രീമതി.അമ്പിളി അശോക് , മുൻ JM(M&I) | മേൽനോട്ട വീഴ്ചക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി, അച്ചടക്ക നടപടി തീർപ്പാക്കി. | | അച്ചടക്ക നടപടി തിരുവനന്തപുരം മേഖലാ മാനേജരുടെ കാര്യാലയത്തിൽ നടന്നുവരുന്നു. |
| | 8) സി.പ്രസന്നൻ നായർ, മുൻ JM(M&I) | മേൽനോട്ട വീഴ്ചക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി, അച്ചടക്ക നടപടി തീർപ്പാക്കി. | | അച്ചടക്ക നടപടി തിരുവനന്തപുരം മേഖലാ മാനേജരുടെ കാര്യാലയത്തിൽ നടന്നുവരുന്നു. |
| | 9) ശ്രീ.അജേന്ദ്ര ആചാരി | കാരണം കാണിക്കൽ നോട്ടീസ് - ഓഡിറ്റ് വിഭാഗത്തിൽ നിന്നുള്ള നിർദ്ദേശപ്രകാരം കുറ്റപത്രം നൽകി. | | അച്ചടക്ക നടപടി തിരുവനന്തപുരം മേഖലാ മാനേജരുടെ കാര്യാലയത്തിൽ നടന്നുവരുന്നു. |
| 10 | ശ്രീ .സി .എസ്.ഉണ്ണിക്കൃഷ്ണൻ | മേൽനോട്ട വീഴ്ചക്ക് 14.10.2016 ന് കുറ്റപത്രം നൽകി നേർക്കാഴ്ച അനുവദിച്ച് അച്ചടക്ക നടപടി തീർപ്പാക്കി (07.03. 2017 ന്) | | തിരുവനന്തപുരം ജില്ലാ ഡിപ്പോയുടെ കീഴിലുള്ള പുളിമൂട് സൂപ്പർ മാർക്കറ്റിൽ കൃപ ട്രേയ്ഡേഴ്സ് വിതരണം ചെയ്ത ജയ അരി മായം കലർന്നതാണെന്ന് ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രിയുടെ പരിശോധനയിൽ കണ്ടെത്തിയതുമായി ബന്ധപ്പെട്ട്. |
| 11 | ശ്രീ.രാജേഷ് ശശികുമാർ | കോട്ടയം റീജിയണിലെ നെടുങ്കണ്ടം ഡിപ്പോയുടെ | 77,075/- | ശമ്പളത്തിൽ നിന്ന് പ്രതിമാസം 5000/- രൂപ വിതം ഈടാക്കുവാൻ |

| | | | | |
|---|---|---|---|---|
| | | കീഴിലുള്ള തോപ്രാംകുടി സൂപ്പർ മാർക്കറ്റിലെ 2015-16 ലെ സ്റ്റോക്കെടുപ്പിൽ കണ്ട ക്രമക്കേടുകൾക്ക് 22.04.2016 ൽ സസ്പെൻറ് ചെയ്തു, 09.03.2017 ൽ തിരിച്ചെടുത്തു. | | മേഖലാ മാനേജർക്ക് നിർദ്ദേശം നൽകി. |
| 12 | 1) ശ്രീ. സുധീഷ്.S, SA.I,<br>2)ശ്രീമതി. വിനീത.R, ASM,<br>3) തുഷാര ദാസ്.G, ASM | പുറക്കാട് സൂപ്പർ മാർക്കറ്റിന്റെ 2014-15 ലെ ഓഡിറ്റുമാ യി ബന്ധപ്പെട്ട് 3 പേർക്കും ഡിമാൻറ് നോട്ടീസ് നൽകി യിട്ടുണ്ട്. | 1,43,855/-<br>20,137/-<br>97,142/- | അച്ചടക്ക നടപടി എറണാകുളം മേഖലാ മാനേജരുടെ കാര്യാലയ ത്തിൽ നടന്നുവരുന്നു. |
| 13 | ശിവൻ.എ. JA, | മൂന്നാർ ഡിപ്പോയിലെ കഞ്ചിത്തണ്ണി സൂപ്പർ മാർക്കറ്റിലെ 01.04.2016 – 24.08.2016 വരെയുള്ള ഓഡിറ്റ്, സസ്പെൻറ് ചെയ്തു. | 8,93,901/- രൂപ സ്റ്റോക്കിൽ കുറവ് | തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| 14 | രാജേന്ദ്രൻ.പി. JA, | കോഴിക്കോട് ഡിപ്പോയിലെ കോവൂർ സൂപ്പർ മാർക്കറ്റിലെ 2012-15 ലെ ഓഡിറ്റ് | 2,10,934/80 | ഡിമാൻറ് നോട്ടീസ് നൽകി നടപടി തുടരുന്നു. |
| 15 | 1) S.ബാബു, JA,<br>2)രാജശ്രീ.പി, ASW<br>3)ഉണ്ണി.ടി.കെ. ASM,<br>4) P.C.ഐസക്ക്, JM(M&I) | ആലപ്പുഴ ജില്ലാ കോടതി സൂപ്പർ മാർക്കറ്റിന്റെ 2014-15 ലെ ഓഡിറ്റ്. Sl.No. (4) ന് മേൽനോട്ട വീഴ്ചക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി, | 3,86,866.44<br>2,91,308.95<br>82,426.39 | അച്ചടക്ക നടപടി സ്വീകരിക്കുന്ന തിനും പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനും എറണാകുളം മേഖലാ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | അച്ചടക്ക നടപടി തുടരുന്നു. | | |
| 16 | A. അനിൽ, ASM | മാവേലിക്കര ഡിപ്പോയിലെ പാലമേൽ സൂപ്പർ മാർക്കറ്റിൽ സബ്സിഡി സാധനങ്ങൾ പൂഴ്ത്തി വയ്ക്കുന്നതായ പരാതിയെ തുടർന്നുള്ള പരിശോധന | 98,812/- | എറണാകുളം മേഖലാ മാനേജർ ടിയാനെ സസ്പെൻറ് ചെയ്യുകയും ബാദ്ധ്യത തുക അടവാക്കിയതിനാൽ അച്ചടക്ക നടപടി നിലനിർത്തിക്കൊണ്ട് 27.01.2017 ൽ സർവ്വീസിൽ തിരിച്ചെടുത്തു. |
| 17 | 1)എ.ശോഭന കുമാരി. ജൂനിയർ അസിസ്റ്റൻറ് 2) P.C.ഐസക്ക്, JM(M&I) | ആലപ്പുഴ പീപ്പിൾസ് ബസാറിലെ 2014-15 ലെ ഓഡിറ്റ്. | 4,79,517/77 | കുറ്റക്കാരെ സസ്പെൻറ് ചെയ്യുകയും അച്ചടക്ക നടപടി നിലനിർത്തിക്കൊണ്ട് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു. |
| 18 | എ.കാർത്തികേയൻ, ജൂനിയർ മാനേജർ | പാലക്കാട് പീപ്പിൾസ് ബസാറിൽ ബില്ലിൽ തിരിമറി കാണിച്ചു എന്ന പരാതി, V&ACB അന്വേഷണം | | സ്ഥലം മാറ്റി നിയമിച്ചു. വകുപ്പുതല അന്വേഷണം നടത്തുവാൻ പാലക്കാട് മേഖലാ മാനേജർക്ക് നിർദ്ദേശം നൽകി. |
| 19 | 1) ജെയിംസ് മാത്യു ഡിപ്പോ മാനേജർ, പാല. 2) മാലിക് മുഹമ്മദ്, SA.I, 3) കെ.കൃഷ്ണൻ നായർ. ASM, 4) കെ.എൻ.സതീഷ്. SA.I, 5) ടി.ആർ.രാജേഷ്. ASM | പാലാ ഡിപ്പോയുടെ കീഴിലുള്ള പൈക, ഉഴവൂർ സൂപ്പർ മാർക്കറ്റുകളിൽ സബ്സിഡി സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് സപ്ലൈകോയിലെ വിജിലൻസ് വിഭാഗം പരിശോധന നടത്തി. (ഡി125-504/17) | 9,67,733/- | സസ്പെൻറ് ചെയ്തു. V&ACB അന്വേഷണത്തിന് ശുപാർശ ചെയ്തു. |
| 20 | തോമസ് എൻ.വർഗ്ഗീസ് | 1)പൂഞ്ഞാർ മാവേലി സ്റ്റോർ, 16.08.2015– | 87,110/96 | |

| | | | | |
|---|---|---|---|---|
| | | 21.11.2015 കാലയളവിലെ ഓഡിറ്റ്, ഷോർട്ടേജ് കണ്ടെത്തി. (ഡി25/12948/16)<br>2) കാണക്കാരി മാവേലി സ്റ്റോർ 01.04.15-15.8.15 കാലയളവിലെ ഓഡിറ്റ്, ഷോർട്ടേജ് കണ്ടെത്തി. (ഡി25/12958/16) | 43,722/59 | സസ്പെൻറ് ചെയ്തു. കുറ്റപത്രം കൊടുത്തു, അച്ചടക്ക നടപടി തുടരുന്നു. |
| 21 | എ.സാബു, | മാങ്കുളം മാവേലി സ്റ്റോറിലെ 2015-16 കാലയളവിലെ വാർഷിക കണക്കെടുപ്പിൽ ഷോർട്ടേജ് കണ്ടെത്തിയത് (ഡി25/6989/17) | 2,40,375/- | സസ്പെൻറ് ചെയ്തു. ഡിമാൻറ് നോട്ടീസ് കൊടുത്തു, അച്ചടക്ക നടപടി തുടരുന്നു. |

സെക്ഷൻ ഓഫീസർ